# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് - 2007-08 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-3-ന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.50/14/തസ്വഭവ. തിരുവനന്തപുരം, തീയതി: 04/01/2014

പരാമർശം:- 1) 11/09/2013-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-28477/13-ാം നമ്പർ കത്ത്.

2) 10/12/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പി.റ്റി1/17275/13-ാം നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3 പ്രകാരം പദ്ധതി മോണിറ്ററിംഗ് ചെലവുകൾക്ക് അനുവദിച്ച തുകയിലും അധികരിച്ച് ചെലവ് ചെയ്ത 5,600/- രൂപ (അയ്യായിരത്തി അറനൂറ് രൂപ മാത്രം) ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് പദ്ധതി മോണിറ്ററിംഗുമായി ബന്ധപ്പെട്ട് നടത്തിയ ചെലവ് അവശ്യ ചെലവായതിനാൽ പ്രസ്തുത ചെലവിന് സാധൂകരണം നൽകാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാ ആസൂത്രണ മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവ സഹിതം സൂചന 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാ ആഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനം, ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവ പരിഗണിച്ച് ടി ചെലവിന് സാധൂകരണം നൽകാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3 പ്രകാരം പദ്ധതി മോണിറ്ററിംഗ് ചെലവുകൾക്ക് അനുവദിച്ച തുകയിൽ നിന്നും അധികരിച്ച് 5,600/- (അയ്യായിരത്തി അറനൂറ് രൂപ മാത്രം)ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പ്രസന്നകുമാരി. എം.സി,

ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ